"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ കൂടൽ എസ്.എൻ.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.എം.എസ്. ജിനി ഫയൽ ചെയ്ത 38058/24 നമ്പർ റിട്ട് പെറ്റിഷനിൽ 25.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.115/2026/GEDN    തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:- 1. റിട്ട് ഹർജി നം.38058/24 നമ്പർ റിട്ട് പെറ്റിഷനിൽ 25.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.07.2025 തീയതിയിലെ എഫ്3/23094/2024/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കൂടൽ എസ്.എൻ.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.എം.എസ്. ജിനി ഫയൽ ചെയ്ത 38058/24 നമ്പർ റിട്ട് പെറ്റിഷനിൽ 25.03.2025-ലെ വിധിന്യായ പ്രകാരം, ഹർജിക്കാരിയുടെ 01/11/2012 മുതൽ 31/05/2016 വരെയുള്ള നിയമനം സ്കെയിൽ ഓഫ് പേ അടിസ്ഥാനത്തിൽ അംഗീകരിക്കണമെന്ന ആവശ്യം പുനഃപരിശോധിച്ച്, ഹർജിക്കാരിയെ കേട്ട്, 3 മാസത്തിനുള്ളിൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 16.07.2025ൽ നേരിൽ കേട്ടു.

3. ഹർജിക്കാരിയുടെ വാദങ്ങൾ ഇപ്രകാരമാണ്

ശ്രീമതി ജിനി എം.എസ്.നെ കൂടൽ എസ്.എൻ.യു.പി.എസ് -ൽ ഓഫീസ് അറ്റൻഡന്റായി ശ്രീ. കെ.സുരേന്ദ്രൻ 31.10.2012-ൽ വിരമിച്ച ഒഴിവിൽ 01.11.2012 മുതൽ നിയമിച്ചു. സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത വിഭാഗത്തിൽ ആയതിനാൽ 01.11.2012 മുതൽ 31.03.2013 വരെയുള്ള കാലയളവ് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് അംഗീകരിച്ചത്. 2016 മുതൽ സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള വിഭാഗത്തിൽ ആയതിന്റെ അടിസ്ഥാനത്തിൽ 01.06.2016 മുതൽ ശമ്പള സ്കെയിലിൽ അംഗീകരിച്ച് തുടർന്നു വരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ WA No. 1358/2021, തീയതി 19/11/2021 വിധി പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലും പ്യൂൺ/ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനിവാര്യമാണെന്നും തസ്തികകൾ

അനുവദിച്ചിട്ടുണ്ടെങ്കിൽ നിയമനങ്ങൾ റഗുലറായി അംഗീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 58604/J2/2012-ാം നമ്പർ സർക്കുലർ അനദ്ധ്യാപകർക്ക് ബാധകമല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിധി പ്രകാരം തലവടി ആനപ്രാമ്പാൽ സൗത്ത് UPS ലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഷൈബിൻ ജോസഫിന്റെ നിയമനം GO. No. 5615/2024/G.Edn. 03/09/24 പ്രകാരം റഗുലറായി അംഗീകരിക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ, ശ്രീമതി. എം.എസ്.ജിനിയുടെ 01/11/2012 മുതൽ 31/05/2016 വരെയുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം റഗുലറായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

4. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കോന്നി ഉപജില്ലയുടെ പരിധിയിൽപ്പെട്ട സിംഗിൾ മാനേജ്മെന്റ് സ്കൂളാണ് കൂടൽ എസ്.എൻ.യു.പി സ്കൂൾ. ശ്രീമതി. ജിനി എം.എസ്. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 01/11/2012 മുതൽ നിയമിക്കപ്പെട്ടെങ്കിലും ഈ സ്കൂൾ 2011-12 മുതൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത ഗണത്തിൽപ്പെട്ടതാകയാൽ പ്രസ്തുത നിയമനം ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിയായ 01/11/2012 മുതൽ 31/03/2013 വരെ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിക്കപ്പെട്ടത്. പ്രസ്തുത വിദ്യാലയം മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുന്നത് 2016-17 അക്കാദമിക വർഷത്തിലാണ്. തുടർന്ന് സ.ഉ.(പി) നം.4/2021/പൊവിവ തീയതി 06/02/2021 പ്രകാരം ശ്രീമതി.ജിനി എം.എസ്.ന്റെ 01/06/2016 മുതലുള്ള നിയമനം ശമ്പള സ്കെയിലിൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകിയിരുന്നു. എന്നാൽ 01/04/2013 മുതൽ 31/05/2016 വരെയുള്ള കാലയളവിലെ ടിയാളുടെ നിയമനം ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത കാലയളവിലേതാകയാൽ നിലവിലെ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ മാത്രമേ സാധിക്കുകയുള്ളൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാനാണ് മുൻ കാലങ്ങളിൽ സർക്കാർ നിർദ്ദേശം നല്കി വന്നിരുന്നത്. എന്നാൽ ഇത്തരം സ്കൂളുകളിലെ അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന വിഷയത്തിൽ പെറ്റിഷണർമാരുടെ വാദഗതികൾ അംഗീകരിച്ച് നിരവധി കോടതി വിധികൾ പുറപ്പെടുവിക്കപ്പെട്ട സാഹചര്യത്തിൽ സർക്കാർ പ്രസ്തുത വിധികൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീലുകൾ (WA 1358/2021, WA 1435/2021 & 1346 of 2021) 10.11.2021 തീയതിയിലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് തള്ളുകയും അനധ്യാപക നിയമനങ്ങൾ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Civil Appeal No.6875-6876 of 2023 [Out of SLP(c) Nos.2664-2665/2022] 18/10/2023 WA 1358/2021, WA 1435/2021 & 1346 of 2021) 10.11.2021 ബഹു. ഹൈക്കോടതിയുടെ വിധിന്യായം ശരിവെയ്ക്കുകയാണ് ചെയ്തത്. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി ജിനി എം.എസ്.-ന്റെ 01/11/2012 മുതൽ 31/05/2016 വരെയുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് കോന്നി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം

ശ്രീമതി എം.എസ്. ജിനി ഫയൽ ചെയ്ത 38058/24 നമ്പർ റിട്ട് പെറ്റിഷനിൽ 25.03.2025ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി എം.എസ്.ജിനി, ഓഫീസ് അസിസ്റ്റന്റ്, എസ്.എൻ.യു.പി. സ്കൂൾ, കൂടൽ, പത്തനംതിട്ട-689 693
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോന്നി
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 05-01-2026 12:51:01

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.